പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2353 27-10-2026-ൽ മറുപടിയ്ക്ക്

വൈദ്യുതി പ്രതിസന്ധിയും സൗരോർജ്ജ പദ്ധതികളുടെ പുരോഗതിയും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. രാജീവ് ചന്ദ്രശേഖർ
ശ്രീ. ബി. ബി. ഗോപകുമാർ
ശ്രീ. വി. മുരളീധരൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ നിലവിലെ പ്രതിദിന വൈദ്യുതി ആവശ്യകതയും ക്ഷാമവും എത്രയെന്ന് വിശദമാക്കാമോ; ഇത് പരിഹരിക്കാൻ കെ.എസ്.ഇ.ബി. പുറത്തുനിന്നും അധിക തുകയ്ക്ക് വൈദ്യുതി വാങ്ങുന്നതിനായി പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ആവശ്യകത മാറിക്കൊണ്ടിരിക്കുന്നു. നിലവിൽ ഒക്ടോബർ മാസത്തിലെ പരമാവധി വൈദ്യുതി ആവശ്യകത 93 MU ആണ്. നിലവിലുള്ള ക്രമീകരണങ്ങൾ പ്രകാരം ഈ മാസം വൈദ്യുതി ക്ഷാമം പ്രതീക്ഷിക്കുന്നില്ല.

എൽ-നിനോ പ്രതിഭാസത്തെത്തുടർന്ന് മുൻവർഷങ്ങളെ അപേക്ഷിച്ച് വൈദ്യുതി ആവശ്യകതയിൽ ഉണ്ടായ അസാധാരണമായ വർധനവ് കാരണം, നടപ്പു സാമ്പത്തിക വർഷം സെപ്റ്റംബർ മാസം വരെ പവർ എക്സ്ചേഞ്ചുകളിൽ നിന്ന് 2,302.39 ദശലക്ഷം യൂണിറ്റ് വൈദ്യുതി യൂണിറ്റിന് ശരാശരി 4.72 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. പീക്ക് സമയങ്ങളിൽ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി പവർ എക്സ്ചേഞ്ച് കളിൽ നിന്ന് യൂണിറ്റിന് 10 രൂപ വരെ നിരക്കിൽ വൈദ്യുതി വാങ്ങേണ്ടിവന്നിട്ടുണ്ട്. പ്രതിമാസം ശരാശരി 1290 കോടി രൂപ ഇതിനുവേണ്ടി ചെലവഴിക്കുന്നുണ്ട്.

(ബി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കിയ പി.എം.സൂര്യഘർ സൗജന്യ ബിജിലി യോജന വഴി സംസ്ഥാനത്ത് ഇതുവരെ എത്ര വീടുകളിൽ റൂഫ്ടോപ്പ് സോളാർ സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

മറുപടി:

നം.	ജില്ല	എണ്ണം
1	ആലപ്പുഴ	31684
2	എറണാകുളം	61299
3	ഇടുക്കി	4278
4	കണ്ണൂർ	24529

5	കാസറഗോഡ്	11082
6	കൊല്ലം	34925
7	കോട്ടയം	22478
8	കോഴിക്കോട്	24279
9	മലപ്പുറം	28294
10	പാലക്കാട്	21770
11	പത്തനംതിട്ട	13252
12	തിരുവനന്തപുരം	38085
13	തൃശ്ശൂർ	43304
14	വയനാട്	2176
	ആകെ	361435

(സി) വീടുകളിലും സ്ഥാപനങ്ങളിലും സോളാർപാനലുകൾ സ്ഥാപിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണമാണ് തീർപ്പാക്കാനുള്ളത്; വീടുകളിൽ കണക്ഷൻ നൽകുന്നതിലുണ്ടാകുന്ന കാലതാമസവും മറ്റ് തടസ്സങ്ങളും സോളാർ പദ്ധതികളുടെ പുരോഗതിയെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ഉണ്ട്.

ലഭ്യമായ കണക്കുകൾ പ്രകാരം സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് സോളാർ കണക്ഷനായി രജിസ്റ്റർ ചെയ്ത 27,393 സിംഗിൾ ഫേസ് ഉപഭോക്താക്കൾക്കും 15,072 ത്രീ ഫേസ് ഉപഭോക്താക്കൾക്കും കണക്ഷൻ ലഭിക്കാനുണ്ട്. ഇതിൽ ഉപഭോക്താക്കൾ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത വരും ഉൾപ്പെടുന്നു. പുരപ്പുറസോളാർ നിലയങ്ങൾക്കുള്ള നെറ്റ് മീറ്ററുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കേന്ദ്ര പിന്തുണ പരമാവധി പ്രയോജനപ്പെടുത്തി സൗരോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധാരണക്കാർക്ക് തടസ്സമില്ലാതെ സോളാർ കണക്ഷൻ ലഭ്യമാക്കുന്നതിനും കെ.എസ്.ഇ.ബി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> ഉപഭോക്താക്കൾക്കുള്ള സബ്സിഡിക്കു പുറമെ സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിച്ചു ആവശ്യത്തിന് ശേഷം ബാങ്ക് ചെയ്യുന്ന വൈദ്യുതിക്ക് യൂണിറ്റിന് റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ കെ.എസ്.ബി.എൽ ഉപഭോക്താവിന് തിരികെ നൽകുന്നുണ്ട് നെറ്റ് മീറ്ററിംഗ് സംവിധാനം ഉപയോഗിച്ച് സൗരോർജ്ജ പ്ലാന്റിൽ നിന്നും ഗ്രിഡിലേക്കു കൊടുക്കുന്ന വൈദ്യുതി, രാത്രി കാലങ്ങളിൽ വൈദ്യുതിക്ക് വില കൂടിയ സമയത്തു തിരികെ ഉപയോഗിക്കാൻ ഉള്ള അവസരം നൽകുന്നുണ്ട്. കൂടാതെ സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങളിലേക്കു വീൽ ചെയ്തു ഉപയോഗിക്കുവാനും കഴിയുന്നുണ്ട്.

സെക്ഷൻ ഓഫീസർ